"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - ജീവനക്കാര്യം - കോട്ടയം ജില്ലയിലെ കരിമ്പാനി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.മുഹമ്മദ് ഹാഷിർ ആർ.-ന് പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.68/2025/AYUSH തീയതി, തിരുവനന്തപുരം, 12-02-2025

---

പരാമർശം:- (1) സ.ഉ.(സാധാ)നം.206/2023/ആയുഷ് തീയതി 12/06/2023.

(2) ശ്രീ.മുഹമ്മദ് ഹാഷിർ ആർ. സമർപ്പിച്ച 21/10/2024-ലെ അവധി അപേക്ഷ.

(3) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 02/12/2024-ലെ DHTVM/453/2023-EB1 - നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കരിമ്പാനി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.മുഹമ്മദ് ഹാഷിർ ആർ.-ന് 27/03/2023 മുതൽ 31/12/2024 വരെ പരാമർശം-(1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി പരിശീലന കാലാവധി പൂർത്തിയാക്കുന്നതിനായി 01/01/2025 മുതൽ 31/01/2025 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് ടിയാൾ പരാമർശം-(2) പ്രകാരം സമർപ്പിച്ച അവധി അപേക്ഷ പരിഗണിച്ച് ഉത്തരവാകണമെന്ന് പരാമർശം-(3) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(3) പ്രകാരം ലഭ്യമാക്കിയ വസ്തുതകളുടെ വെളിച്ചത്തിൽ, കോട്ടയം ജില്ലയിലെ കരിമ്പാനി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.മുഹമ്മദ് ഹാഷിർ ആർ.-ന് പരാമർശം-(1) പ്രകാരം അനുവദിച്ചിരുന്ന അവധിക്ക് തുടർച്ചയായി 01/01/2025 മുതൽ 31/01/2025 വരെ, കെ.എസ്.ആർ. ഭാഗം-1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ഡെപ്യൂട്ടി സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി (i/c), തിരുവനന്തപുരം.

2. ശ്രീ.മുഹമ്മദ് ഹാഷിർ ആർ., ഓഫീസ് അറ്റൻഡന്റ്, സർക്കാർ ഹോമിയോ ഡിസ്പെൻസറി, കരിമ്പാനി, കോട്ടയം. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖാന്തിരം)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), കോട്ടയം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്. (24/01/2025-ലെ E 2413713/HLT-B3/116/2023-FIN - നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/69/2023-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 12-02-2025 12:17:57

സെക്ഷൻ ഓഫീസർ.